11756
10/11/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-16.8.99 നും 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലിയിൽ പ്രവേശിക്കുകയും പി.എസ്.സി യിൽ നിന്നും ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് 179 ദിവസം പൂർത്തീകരിക്കാൻ സാധിക്കാത്ത ശ്രീ.അൻസാറുദ്ദീൻ മുതൽ പേർ ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.No.549/14 കേസിന്റെ 31.3.2014 ലെ ഉത്തരവ് പ്രകാരം നേരിൽ കേൾക്കുകയും 179 ദിവസം പൂർത്തിയാകാത്തതിനാൽ ഇളവ് അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ച പ്രകാരം ടിയാളുകളുടെ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി)നം.403/14/സാ.നീതി.വ തിരുവനന്തപുരം, തീയതി 16.6.2014

---

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവ്
4. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.549/2014 നമ്പർ കേസിന്റെ 31.3.2014 ലെ ഉത്തരവ്

## ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 നും 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം 2 ലെ ഉത്തരവ് പ്രകാരം ടി കാലയളവിൽ 179 ദിവസം സേവനം പൂർത്തീകരിച്ച 1399 അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.8.2013 ലെ OA.No.1713/13, 5.9.2013 ലെ OA.No.1846/13 നമ്പർ ഉത്തരവിൽ വിട്ടുതൽ ദിവസം പൊതു അവധി ദിവസങ്ങൾ ആയതിനാൽ 179 ദിവസം സേവനം പൂർത്തിയാക്കാൻ സാധിക്കാത്ത അംഗപരിമിതരുടെ അപേക്ഷകൾ കൂടി പരിഗണിക്കണമെന്ന ഉത്തരവ് പ്രകാരം പരാമർശം മൂന്നിലെ ഉത്തരവ് പുറപ്പെടുവിക്കുകയും വിട്ടുതൽ ദിവസം പൊതു അവധി വന്നതിനാൽ 179 ദിവസം സേവനം പൂർത്തിയാക്കാൻ സാധിക്കാത്ത അംഗപരിമിതർക്ക് കൂടി നിയമനം നൽകുന്നതിന് ഉത്തരവായി.

പരാമർശം 4 ലെ ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം മേൽകാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്യുകയും പി.എസ്.സി യിൽ നിന്നും ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് 179 ദിവസം സേവനം പൂർത്തിയാക്കാൻ സാധിക്കാത്ത അംഗപരിമിതരായ അപേക്ഷകരെ 23.5.2014 ന് സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയും വിശദമായി പരിശോധിക്കുകയും ചെയ്തു. പരാമർശം ഒന്നിലെ ഉത്തരവിൽ 16.8.99 നും 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ ഇളവ് അനുവദിച്ച് അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചു. മേൽ സാഹചര്യത്തിൽ OA.549/2014 ലെ അപേക്ഷകൾ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

Sri.Ansarudeen.M, Vayalarikathu veedu,
Kottoor.P.O, Thiruvananthapuram-695574
Sri.Biju Mathews, Puthuparambil, Vellayamkudy.P.O, Idukki-685515
Sri.Shibu Kumar, Chandrikavilasom, Chullimanoor.P.O, Nedumangad, Thiruvananthapuram-695541
Sri.Martin.J, Mythri Nagar, Parottukonam, Nalanchira.P.O, Thiruvananthapuram
Sri.M.K.Ajeesh, Meethale Kuttikkattil, Eramala.P.O, Calicut-680671
Smt.Dhanalekshmi.M, TC.No.20/2717, Karamana.P.O, Thiruvananthapuram-695002
Sri.Renjith Kumar.K.R, Renjith Bhavan, Poduvacherry.P.O, Kannur-670678
Sri.Gafoor.K, Kambrakath, Unniyal, Puthiyakadappuram.P.O, Malappuram-676302
Sri.Sasidharan Alakkatan, Kulathinthavila House, Kanihleri.P.O, Kannur670672
Sri.Sadakathulla.N, Nadakkayhu Manzil, Kodakkad.P.O, Palakkad.-676571
Advocate General, Branch Office, Thiruvananthapuram(with C/L)
കരുതൽ ഫയൽ/ഓഫീസ് കോപ്പി
Copy to: PA to Additional Chief Secretary(SJ)
CA to Additional Secretary(SJ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ